



# സൈബർലോകത്തെ അടിമക്കോലങ്ങൾ





അപർണ എം.

ഇന്റർനെറ്റിന്റെ നിരന്തരമായ ഉപയോഗം സൃഷ്ടിക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ചു പഠിക്കാൻ 1998 ൽ കിംബർലി യങ് എന്ന മനഃശാസ്ത്രജ്ഞൻ ഏതാനും ചോദ്യങ്ങളടങ്ങിയ ഒരു ചോദ്യാവലി തയ്യാറാക്കുകയുണ്ടായി. അതിലെ ഏതാനും ചോദ്യങ്ങൾ താഴെ കൊടുക്കുന്നു:

1. നിങ്ങൾ ഉദ്ദേശിക്കുന്നതിലും വളരെയധികം സമയം ഇന്റർനെറ്റിൽ ചെലവഴിച്ചതായി അനുഭവപ്പെടാറുണ്ടോ?

2. താങ്കൾ ഇന്റർനെറ്റിലും അനുബന്ധമാധ്യമങ്ങളിലും അമിതമായി സമയം കളയുന്നുവെന്ന് കുടുംബാംഗങ്ങളും സുഹൃത്തുക്കളും പരാതിപ്പെടാറുണ്ടോ?

3. നിങ്ങൾ ഇന്റർനെറ്റ് ഉപയോഗിക്കാതെയിരിക്കുന്ന സമയങ്ങളിൽ വലിയ മാനസികസംഘർഷം അനുഭവിക്കുന്നുണ്ടോ?

ഈ ചോദ്യങ്ങൾക്ക് "അതേ" എന്നാണ് ഉത്തരമെങ്കിൽ ആ വ്യക്തി ഇന്റർനെറ്റ്/ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് അടിമയായിക്കഴിഞ്ഞു എന്നാണു കണ്ടെത്തൽ. ഇത്തരം ഇരുപതോളം ചോദ്യങ്ങളടങ്ങിയ ഇന്റർനെറ്റ് അഡിക്ഷൻ ടെസ്റ്റുപയോഗിച്ചു മദ്യവും മയക്കുമരുന്നുംപോലെ ഇന്റർനെറ്റിനു മാനസികമായി അടിപ്പെടുകയും അതുവഴി വ്യക്തിവൈകല്യങ്ങൾ രൂപപ്പെടുകയും ചെയ്ത ആളുകളെ തിരിച്ചറിഞ്ഞു ചികിത്സിച്ചു സുഖപ്പെടുത്താമെന്നായിരുന്നു യങിന്റെ കണ്ടെത്തൽ.

കുട്ടികളെക്കുറിച്ചാണ് ഏറെ പരാതികൾ ഉയരുന്നതെങ്കിലും മുതിർന്നവരും ഇന്റർനെറ്റ് അഡിക്ഷനിൽ പിന്നിലല്ല. അല്പസമയം മൊബൈൽ ഓഫ് ആയാലോ ഇന്റർനെറ്റ് കണക്ഷൻ അല്പം കുറഞ്ഞുപോയാലോ അസ്വസ്ഥരാവുകയും വ്യാകുലപ്പെടുകയും ചെയ്യുന്നവരാണ് നമ്മിൽ ഭൂരിപക്ഷവും. സ്വാഭാവികമായിത്തോന്നാവുന്ന ഇത്തരം അസ്വസ്ഥതകളെയാണ് ഇന്റർനെറ്റ് അഡിക്ഷൻ എന്നു പറയുന്നത്. ഇവ സൃഷ്ടിക്കുന്ന മാനസികസമ്മർദം വളരെ വലുതാണ്, കുട്ടികളിൽ ഇവ ഉണ്ടാക്കുന്നത് മിഥ്യാബോധം, അപകർഷത, മാനസികസമ്മർദം, അലസത, പഠനവൈകല്യങ്ങൾ, വ്യക്തിത്വവൈകല്യങ്ങൾ എന്നിവയാണ്. വിളർച്ച, കാഴ്ചക്കുറവ്, അമിതഭാരം, ഗുരുതര ഹോർമോൺ വ്യതിയാനങ്ങൾപോലെയുള്ള ശാരീരികപ്രശ്നങ്ങൾ വേറേയും.

മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനത്തിൽ ഏറെ പ്രധാനപ്പെട്ടതാണ് "ശ്രദ്ധ. വായിക്കാനും പഠിക്കാനും ജോലി ചെയ്യാനും മാത്രമല്ല, ചിന്തിക്കാൻപോലും ശ്രദ്ധ അനിവാര്യമാണ്. ഇന്റർനെറ്റ് അമിതമായി ഉപയോഗിക്കുന്നതുമൂലം ആളുകളുടെ 'ശ്രദ്ധ ചെലുത്താൻ സാധിക്കുന്ന സമയം'" മൂന്നു മിനിറ്റായി കുറഞ്ഞിരിക്കുന്നു എന്ന കണ്ടെത്തലിലാണ് ഗവേഷകർ. മൂന്നു മിനിറ്റു മാത്രം ഒരു കാര്യം ചിന്തിക്കാൻ സാധിക്കുന്ന വ്യക്തിയുടെ ദൈനംദിന കാര്യങ്ങൾപോലും താളംതെറ്റും. ചുരുക്കത്തിൽ, ജീവിതത്തിന്റെയും തൊഴിലിന്റെയും പണത്തിന്റെയും താളംതെറ്റി അവയുടെ കാരണം തിരിച്ചറിയാതെ സമ്മർദത്തിന് അടിമപ്പെടും.

യൂട്യൂബിൽ ഏറ്റവുമധികം പ്രേക്ഷകരുള്ളത് ദൈർഘ്യംകുറഞ്ഞ വീഡിയോകൾക്കാണ്. അരമണിക്കൂർപോലും ഒരു പരിപാടി കാണാൻ സാധിക്കാത്തവർ ഇന്ന് അധികമാണ്. ഈ അവസ്ഥ മനസ്സിലാക്കിയാണ് സെക്കന്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോകൾ അപ്ലോഡ് ചെയ്യാനുള്ള സൗകര്യം പുതുതായി അവതരിപ്പിച്ചത്. അതേ, യൂട്യൂബ് ഷോർട്ടുകൾ എന്ന പേരിൽ അറിയപ്പെടുന്ന പത്ത്-ഇരുപത് സെക്കന്റുകൾ മാത്രമുള്ള വീഡിയോകൾതന്നെ. ഇവയിൽ പതിയിരിക്കുന്ന അപകടം മറ്റൊന്നാണ്. ഒഴിവുസമയത്ത് അല്പസമയം ഫോണിൽ ചെലവഴിക്കാനായി മാറ്റിവയ്ക്കുന്നവർപോലും ഈ കുഞ്ഞൻ വീഡിയോകൾ മണിക്കൂറുകൾ കാണുന്നുണ്ടെന്നാണു കണക്ക്. എന്നാൽ, ഇങ്ങനെ വിവിധ കാര്യങ്ങൾ സെക്കന്റുകൾകൊണ്ട് കടന്നുപോകുമ്പോൾ യഥാർത്ഥത്തിൽ ഒന്നിലും പൂർണമായി ശ്രദ്ധ പതിയുന്നില്ല, ചിന്തിക്കുന്നുമില്ല. ഇതു കണ്ണിനെയും തലച്ചോറിനെയും രൂക്ഷമായി ബാധിക്കുകയും ചെയ്യും.

ഇന്റർനെറ്റ് ഉപയോഗംമൂലം അറിഞ്ഞും അറിയാതെയും നിലനിൽക്കുന്ന മാനസിക, ശാരീരികപ്രശ്നങ്ങൾക്കുള്ള ഉത്തരമാണ് ഡിജിറ്റൽ ഡി ടോക്സ് കേന്ദ്രങ്ങൾ. ഓൺലൈൻ ഗെയിമുകൾ, ഓൺലൈൻ പോണോഗ്രഫി, സോഷ്യൽ മീഡിയ എന്നിവയ്ക്ക് അടിമകളാകുന്നവരെ സാധാരണജീവിതത്തിലേക്കു തിരികെക്കൊണ്ടുവരാൻ ഈ കേന്ദ്രങ്ങൾ സഹായകമാണ്. മദ്യപാനവും മയക്കുമരുന്നുംപോലെ പലപ്പോഴും സ്വയം വിമുക്തരാകാൻ ഇന്റർനെറ്റിന് അടിമയായവർക്കും സാധിക്കാറില്ല, പ്രത്യേകിച്ചു കുട്ടികൾക്ക്. ഇന്റർനെറ്റും സ്വന്തം ചിന്തകളും സൃഷ്ടിച്ച മിഥ്യാലോകം അവരുടെ മനസ്സിനെ സ്വാധീനിച്ച് യാഥാർത്ഥ്യത്തിൽനിന്ന് അകറ്റുകയാണു ചെയ്യുന്നത്.

കേരളത്തിലെ ആദ്യത്തെ ഇന്റർനെറ്റ് ഡി അഡിക്ഷൻ ക്ലിനിക് സ്ഥാപിക്കപ്പെട്ടത് 2018 ലാണ്. എറണാകുളം കളമശേരി രാജഗിരി കോളജിലെ സൈക്കോളജി ഡിപ്പാർട്ടുമെന്റുമായി ചേർന്നാണ് ക്ലിനിക് സ്ഥാപിക്കപ്പെട്ടത്. ഹെൽത്തി ഇന്റർനെറ്റ് ടെക്നോളജി എക്സ്പീരിയൻസ് ക്ലിനിക് എന്നാണ് ഇത് അറിയപ്പെടുന്നത്. ഇന്ത്യയിൽ ഓരോ ദിവസവും റിപ്പോർട്ടു ചെയ്യപ്പെടുന്ന ഇന്റർനെറ്റ് അഡിക്ഷൻ കേസുകളിൽ അഞ്ചെണ്ണമെങ്കിലും 12 വയസ്സിൽ താഴെയുള്ള കുട്ടികളുമായി ബന്ധപ്പെട്ടതാണ്. അരമണിക്കൂറോ പരമാവധി ഒരു മണിക്കൂറോഇന്റർനെറ്റ് ഉപയോഗം അനുവദനീയമായ പ്രായമാണിത്. പതിമ്മൂന്നു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സോഷ്യൽമീഡിയ ഉപയോഗിക്കുന്നതിനുതന്നെ വിലക്കുണ്ട്.

സ്കൂൾ-കോളജ് വിദ്യാർത്ഥികൾ ആഴ്ചതോറും രണ്ടോ മൂന്നോ ദിവസം ഫോണും ഇന്റർനെറ്റും പൂർണമായി ഒഴിവാക്കുന്നത് ഗുണകരമാണ്. പഠനം തടസ്സപ്പെടാതെതന്നെ ഈ ശീലം വളർത്താനാകും. ഇന്റർനെറ്റിൽ പലയിടങ്ങളിലായി പരതി ശേഖരിക്കുന്ന അറിവുകളെക്കാൾ ഓർമയിൽ നിൽക്കുന്നതും ബുദ്ധിവളർച്ചയ്ക്കു സഹായിക്കുന്നതും പുസ്തകവായനയും അതിലൂടെ നേടുന്ന അറിവുകളുമാണെന്നു പഠനങ്ങൾ പറയുന്നു. ആഴത്തിൽ പഠിക്കാനും ചിന്തിക്കാനും വിലങ്ങുതടിയുമാകാറുണ്ട് ഇന്റർനെറ്റ് പഠനങ്ങൾ. സ്കൂൾ കാലഘട്ടത്തിൽ അമിതമായി ഇന്റർനെറ്റിനെ ആശ്രയിക്കുന്നവർക്ക് ഭാവിയിൽ ഗഹനമായ വിഷയങ്ങളും പുസ്തകങ്ങളും പഠിക്കാൻ പ്രയാസമനുഭവപ്പെട്ടേക്കാം. ടൈപ്പു ചെയ്യുമ്പോൾ ലഭിക്കുന്ന ചുരുങ്ങിയ വാക്കുകൾ വായിച്ച ശീലമല്ലേയുള്ളൂ, തലച്ചോറിന്!

കുട്ടികളുടെ കാര്യത്തിൽ മാത്രമല്ല, മുതിർന്നവർക്കും 'ഡിജിറ്റൽ ഡി ടോക്സിഫിക്കേഷൻ' ദിനങ്ങൾ ആവശ്യമാണ്. ഓഫീസ്-ജോലിത്തിരക്കുകൾ ഉള്ളവർപോലും അവധിദിനങ്ങളിലെ ഏതാനും മണിക്കൂറുകളെങ്കിലും ഇതിനായി മാറ്റിവയ്ക്കണം. ഒരു ദിവസം എത്ര മണിക്കൂർ സോഷ്യൽ മീഡിയയിൽ ചെലവഴിക്കുന്നു എന്നു തിട്ടപ്പെടുത്തി ഒരു വർഷം എത്ര മണിക്കൂർ സോഷ്യൽ മീഡിയയിൽ സജീവമായിരുന്നു എന്നു കണ്ടെത്തി നിയന്ത്രിക്കാൻ സാധിക്കും. ഇതിനായി ഫോണിൽത്തന്നെ പല ആപ്ലിക്കേഷനുകളും ലഭ്യമാണ്. പകരം, മറ്റു ഫലപ്രദമായ അറിവും വിനോദവും നൽകുന്ന ഉപയോഗപ്രദമായ കാര്യങ്ങൾക്കായി സമയം നീക്കിവയ്ക്കാം. ടെക്നോളജി അമിതമായി ഉപയോഗിച്ചു കഴുത്തിനും തോളിനും വേദന, വീക്കം, പുറംവേദന എന്നിവയുമായി കൂടുതലും ബുദ്ധിമുട്ടുന്നത് മുതിർന്നവരാണ്. ഇതിന്റെ കാരണങ്ങൾ ഡിജിറ്റൽ അഡിക്ഷനാണെന്നു തിരിച്ചറിയാറില്ലെന്നേയുള്ളൂ.

# ഇവൾ ദേവനായകി



**വിദ്യ വിജയകുമാർ**
MA Bhashasasthram
Malayalam Sarvakalasala
Tirur

പുരാണങ്ങളിൽപ്പോലും പരാമർശിക്കപ്പെടുന്നതും ഒരു കാലത്ത് കേരളീയരുടെ പ്രധാന തൊഴിലിടവുമായിരുന്നു നമ്മുടെ അയൽരാജ്യമായ ശ്രീലങ്ക. ശ്രീലങ്കയിലെ വംശീയപ്രശ്നങ്ങളും ആഭ്യന്തരകലാപവും ഒരു കാലത്ത് ഇന്ത്യൻ ജനതയുടെ ഉറക്കം കെടുത്തിയിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡവുമായി, പ്രത്യേകിച്ച് തമിഴ് ജനതയുമായി ഇഴപിരിയാനാവാത്തവിധം ബന്ധിക്കപ്പെട്ടിരിക്കുന്ന ഒരു ജനതയാണ് സിംഹളർ. അവരുടെ സംസ്കാരവും മതവും വിശ്വാസവുമെല്ലാം ഇന്ത്യയെ ആശ്രയിച്ചാണിരിക്കുന്നത്. ലോകത്തിലെ ഏറ്റവും സമ്പത്സമൃദ്ധമായിരുന്ന ഒരു രാജ്യമായാണ് പുരാണങ്ങളിൽ ശ്രീലങ്ക രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്.

തമിഴ് സംസ്കാരവുമായി ബന്ധപ്പെട്ട് നൂറ്റാണ്ടുകൾക്കപ്പുറം നിലനിന്നിരുന്ന ഒരു മിത്തും ശ്രീലങ്കയിലെ വിമോചനപ്പോരാട്ടങ്ങളും ചേർത്തെഴുതിയ ഒരു നോവലാണ് ടി.ഡി. രാമകൃഷ്ണന്റെ സുഗന്ധി എന്ന ആണ്ടാൾ ദേവനായകി. തമിഴ്നാട്ടിലെ പ്രധാന രാജവംശമായിരുന്ന ചേരരാജാക്കന്മാരുടെ ഭരണകാലത്ത് കാന്തള്ളൂർശാലയിൽ ജീവിച്ചിരുന്നതായിക്കരുതുന്ന ദേവനായകി എന്ന സുന്ദരിയും ബുദ്ധിമതിയുമായ യുവതിയുടെ കഥയാണ് ഈ നോവലിന്റെ കേന്ദ്രബിന്ദു. നൂറ്റാണ്ടുകൾക്കിപ്പുറത്ത് ശ്രീലങ്കയിൽ സിംഹളരും തമിഴരും തമ്മിൽ നടന്ന വംശീയപോരാട്ടങ്ങളിൽ പങ്കെടുത്ത എൽ ടി ടി ഇ പോരാളിയായിരുന്നു സുഗന്ധി. എന്നാൽ കഥയിലെ വഴിത്തിരിവുകളിലെവിടെയോവച്ച് ദേവനായകിയായി മാറുകയാണവൾ. ആ രണ്ടു കഥകളുംചേർത്ത് ശ്രീലങ്കൻ തിരക്കഥാകൃത്ത് പീറ്റർ ജീവാനന്ദം തയ്യാറാക്കുന്ന ഒരു തിരക്കഥയായാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

എൽ റ്റി റ്റി ഇ ആക്രമണത്തിൽ കൊല്ലപ്പെട്ട ഡോ. രജനി തിരണഗാമ എന്ന മനുഷ്യാവകാശപ്രവർത്തകയ്ക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ടാണ് നോവൽ തുടങ്ങുന്നത്. സങ്കീർണവും രസകരവും ആകാംക്ഷയുണർത്തുന്നതുമായ ആ കഥ വളരെ ഹൃദ്യമായ രീതിയിലാണ് വിവരിച്ചിരിക്കുന്നത്. ശ്രീലങ്കൻ വിമോചനപ്രസ്ഥാനത്തിന്റെ കഥയാണിതെന്ന് വായനയുടെ ആരംഭത്തിൽ തോന്നുമെങ്കിലും ഇത് ദേവനായകിയുടെ മാത്രം കഥയാണ്. തമിഴ്സംസ്കാരത്തിന്റെ പ്രൗഢിയും അനന്യതയും ഇതിൽ തെളിഞ്ഞുനിൽക്കുന്നു. പുസ്തകം മടക്കിവയ്ക്കുമ്പോൾ മനസ്സിൽ അവശേഷിക്കുന്നത് ദേവനായകിമാത്രമായിരിക്കും. ■




**സിറിൽ സജി**
BA English
St. Thomas College, Pala

# മനസ്സറിഞ്ഞവർ ഈ അധ്യാപകർ

ചരിത്രമത്രയും അന്ധകാരത്തിൽ ചലിച്ചിരുന്ന ലോകത്തിന് വൈദ്യുത ബൾബ് സമ്മാനിച്ച മഹാശാസ്ത്രജ്ഞൻ തോമസ് ആൽവ എഡിസണെ കാലം എന്നും സ്മരിക്കും. എന്നാൽ, നമ്മളിൽ അധികമാരും കേട്ടിട്ടില്ലാത്ത അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു സംഭവമുണ്ട്. എഡിസന്റെ സ്കൂൾജീവിതം ഏഴു വയസ്സു മാത്രമേ നീണ്ടുനിന്നുള്ളൂ. എഡിസൺ പഠനത്തിൽ മികവു പുലർത്തിയിരുന്നില്ല. ആശയങ്ങളെ ഗ്രഹിക്കാൻ ശേഷി കുറവായിരുന്നു. അധ്യാപികയായിരുന്ന എഡിസന്റെ അമ്മ ഈ സത്യം തിരിച്ചറിഞ്ഞു. പിന്നീടുള്ള പഠനം മുഴുവൻ വീട്ടിൽ അമ്മയോടൊപ്പമായിരുന്നു. തന്റെ മകനെ ചേർത്തിരുത്തി, ക്ഷമയോടെ സംശയങ്ങൾ ദൂരീകരിച്ചു പഠിപ്പിച്ചു. 11-ാം വയസ്സിൽ എഡിസണ് അറിവിനോട് അടങ്ങാത്ത അഭിനിവേശം ഉണ്ടായി. പിന്നീടുള്ള നിരന്തരപരിശ്രമത്താൽ, ആ അമ്മയുടെ മകൻ ലോകമറിയുന്ന മഹാശാസ്ത്രജ്ഞനായി മാറി.

തോമസ് ആൽവ എഡിസന്റെ ജീവിതത്തിലെ ഈ സംഭവം നമ്മോടു പറയാതെ പറയുന്ന ഒരു കാര്യമുണ്ട്: 'അധ്യാപകർ വിജയശില്പികളാണ്.' വിദ്യാർത്ഥികളുടെ ജീവിതത്തെ അപ്പാടെ സ്വാധീനിക്കാൻ അവർക്കു സാധിക്കും. എഡിസന്റെ അമ്മ ഒരു നല്ല അധ്യാപികയായിരുന്നില്ലെങ്കിൽ ലോകത്തിന് ആ മഹാപ്രതിഭയെ നഷ്ടമായേനെ. ഹെലൻ കെല്ലർ ലോകപ്രശസ്തയായി മാറിയത് അവരുടെ അധ്യാപിക 'ആനി സള്ളിവന്റെ' പ്രയത്നംകൊണ്ടാണ്. ഉദാഹരണങ്ങൾ കുറവല്ല.

യഥാർത്ഥ അധ്യാപകർ മനസ്സിന്റെ ഉള്ളറകളെ ദർശിക്കുന്നവരാണ്. മരുഭൂമിയെ ഹരിതാഭമാക്കാൻ കഴിവുള്ളവരാണവർ. 'മാതാ പിതാ ഗുരു ദൈവം'- അധ്യാപകരുടെ മഹത്ത്വം സുവ്യക്തം. പുതുതലമുറകളെ വാർത്തെടുക്കുന്ന അവരുടെ മഹത്ത്വം വിലമതിക്കാനാവാത്തതാണ്. മനുഷ്യമനസ്സുകളിൽ അറിവിന്റെ വിത്തുകൾ പാകുന്ന അവരെ ഈ ലോകം ആദരവോടെ വീക്ഷിക്കുന്നു. അറിവു പകർന്നുനൽകുന്ന ഏതൊരു മനുഷ്യനും അധ്യാപകൻ/അധ്യാപികയാണ്. അധ്യാപനത്തോടൊപ്പം വാത്സല്യവും കൂടി ചേരുമ്പോൾ അതൊരു സുകൃതമാകുന്നു.

*"A good teacher is like a candle. It consumes itself to light the way for others"* - Dr. S. Radhakrishnan

# മറവി

കവിത

ആ മൺവഴികളെ
ഓർക്കുകയായിരുന്നു ഞാൻ.
എത്രയോ പേർ ഈ വഴിയേ
നടന്നുപോയിരിക്കും?
എണ്ണിത്തുടങ്ങിയപ്പോൾ,
വഴിയോരത്തെ മരങ്ങൾ
നാളുകളുടെ കഥ പറയാൻ തുടങ്ങി.
അവർ ഇലകൾ പൊഴിച്ച്
ആ കാലടിപ്പാടുകൾ മറച്ചു.
അഴുകിത്തുടങ്ങിയ ഇലകൾ
മണ്ണിനോടു ചേർന്നവയെ നോക്കിച്ചിരിച്ചു.
പല്ലില്ലാത്ത ഒരു ചിരി!
ഈ വഴിയിലൂടിനിയെത്ര പേരെന്ന്
മരങ്ങൾ ഇലകൾ മടക്കി
ഓർത്തെടുക്കുകയായിരുന്നു.



**ബിബിൻ പി. ബി.**
St. Thomas B. Ed
College Mylacombu

## മരങ്ങാട്ടുപിള്ളി സ്കൂളിലെ ശാസ്ത്രപ്രതിഭകൾ ദേശീയ ബാലശാസ്ത്ര കോൺഗ്രസിലേക്ക്



**ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ പങ്കെടുക്കുന്ന നോയൽ സിവി, ഹീര നന്ദന പി. സുനിൽ എന്നിവർ സ്കൂൾ മാനേജർ ഫാ. ജോസഫ് ഞാറക്കാട്ടിൽ, ഹെഡ്മാസ്റ്റർ സി. എ. സണ്ണി, പ്രോജക്ട് ഗൈഡ് ജോബിൻ ജോസ് എന്നിവർക്കൊപ്പം.**

തേനീച്ച വളർത്തലിൽ തേൻ ഉത്പാദനവും തേനീച്ചക്കോളനിയുടെ പ്രവേശനകവാടത്തിന്റെ ദിശയും തമ്മിൽ ബന്ധമുണ്ടെന്നു കണ്ടെത്തിയ കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂൾ ബാലശാസ്ത്രപ്രതിഭകൾ ദേശീയ ബാലശാസ്ത്ര കോൺഗ്രസിലേക്ക്.

ഒൻപതാംക്ലാസ് വിദ്യാർത്ഥിനി ഹീര നന്ദന പി. സുനിൽ, പത്താം ക്ലാസ് വിദ്യാർത്ഥി നോയൽ സിവി എന്നിവരാണ് കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ പ്രോജക്ട് അവതരിപ്പിക്കുന്നത്.

തേനീച്ചകളുടെ തേൻശേഖരണത്തെ പ്രവേശനകവാടത്തിൽ പ്രഭാതത്തിൽ സൂര്യപ്രകാശം പതിക്കുന്ന സമയം സ്വാധീനിക്കുന്നു എന്നാണ് ഇവർ കണ്ടെത്തിയത്. സാധാരണ പ്രകൃതിദത്ത തേനീച്ചക്കോളനികളെക്കാൾ കുറഞ്ഞ അളവിലാണ് പെട്ടികളിൽ വളർത്തുന്ന കോളനിയിൽനിന്നു തേൻ ലഭിക്കുന്നത്. എന്നാൽ, കിഴക്കിനും തെക്കുകിഴക്കിനും ഇടയിൽ പ്രവേശന കവാടം വരുന്ന രീതിയിൽ കോളനികൾ സ്ഥാപിച്ചാൽ മറ്റു ദിശയിൽ സ്ഥാപിക്കുന്നവയെക്കാൾ ഇരട്ടിയോളം തേൻ ഉത്പാദിപ്പിക്കാമെന്നും ഇവർ കണ്ടെത്തി.

തുടർച്ചയായി നാലാം തവണയാണ് മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ കുട്ടികൾ ദേശീയതലത്തിലേക്കു തിരഞ്ഞെടുക്കപ്പെടുന്നത്.

2022 ഫെബ്രുവരി 1 മുതൽ 5 വരെ ഗുജറാത്തിൽ നടക്കുന്ന 29-ാമത് ദേശീയ ബാലശാസ്ത്ര കോൺഗ്രസിലാണ് ഇവർ ഗവേഷണപ്രബന്ധം അവതരിപ്പിക്കുന്നത്.

Digital art



**ഫിലിപ്പ് എസ്. വാളൂക്കാരൻ**
BA English
St. Thomas College, Pala






# മാധവി



റോസ്മി തോമസ്
BSc Maths
BVM College, Cherpunkal



മാധവിയെ ആദ്യം കാണുന്നത് ഞാൻ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്. ആക്രിസാധനങ്ങൾ പെറുക്കി വിറ്റു ജീവിക്കുന്ന ഒരു തമിഴ്കുടുംബത്തിലെ കുട്ടിയായിരുന്നു അവൾ. സ്കൂളിലേക്കു പോകുമ്പോഴും വരുമ്പോഴുമൊക്കെ ആക്രിക്കടയിലും പരിസരത്തും മാധവിയെ കാണാം. എന്നെക്കാണുമ്പോൾ അവളുടെ മുഖത്തു വിരിയുന്ന കുഞ്ഞുപുഞ്ചിരി എന്നെ ആഹ്ലാദിപ്പിച്ചിട്ടുണ്ട്. അവളുടെ എണ്ണ തേക്കാത്ത മുടിയും പാകമാകാത്ത മുഷിഞ്ഞ ഉടുപ്പും എന്നെ കുറച്ചൊന്നുമല്ല വിഷമിപ്പിച്ചിട്ടുള്ളത്. അവൾക്കു കൊടുക്കാൻ കൈയിൽ ചുരുട്ടിപ്പിടിച്ച മിഠായിയുമായി ഞാൻ പലതവണ അവളെ കാത്തുനിന്നിട്ടുണ്ട്. കാഴ്ചയിൽനിന്നു മറയുവോളം അവളെത്തന്നെ തിരിഞ്ഞുനോക്കി ഞാൻ നടന്നുപോകും.

കാലം കടന്നുപോയി. ഞങ്ങൾ വളർന്നു, ഒപ്പം ഞങ്ങളുടെ നിശ്ശബ്ദസൗഹൃദവും. ഞാൻ ഏഴാം ക്ലാസ്സിൽനിന്നു ജയിച്ചു കുറച്ചുദൂരെയുള്ള ഹൈസ്കൂളിൽ ചേർന്നു. പിന്നെ മാധവിയെ വല്ലപ്പോഴുമേ കാണാറുണ്ടായിരുന്നുള്ളൂ. അവൾ അവളുടെ അമ്മയുടെയും അച്ഛന്റെയും കൂടെ ജോലിക്കു പോയിത്തുടങ്ങിയിരുന്നു.

ഒരു വൈകുന്നേരം ബസ്സിറങ്ങി വീട്ടിലേക്കു നടക്കുമ്പോൾ വഴിയരികിൽ എന്നെ കാത്തെന്നപോലെ മാധവി നില്ക്കുന്നുണ്ടായിരുന്നു. പഴയതാണെങ്കിലും വൃത്തിയുള്ള ഒരു പാവാടയും ദാവണിയും അവൾ ധരിച്ചിരിക്കുന്നു. കൈ നിറയെ കുപ്പിവളകളും കഴുത്തിൽ മുത്തുമാലയും. തിളങ്ങുന്ന മുക്കുത്തിയും തലനിറയെ കനകാംബരപ്പൂക്കളും... അവൾ സുന്ദരിയായിരിക്കുന്നു. ഞാൻ ആ വേഷത്തിൽ അവളെ ആദ്യമായി കാണുകയായിരുന്നു. അവൾക്ക് എന്നോട് എന്തോ പറയാനുണ്ടെന്ന് എനിക്കു തോന്നി. ഞാൻ അവളുടെ മുഖത്തേക്കു നോക്കി.

''ന്റെ കല്യാണാ ഇന്ന്'' മാധവി എന്നോടു മന്ത്രിച്ചു. ഞാൻ ഞെട്ടിപ്പോയി. ഞാൻ ഒന്നും പറയാതെ മുന്നോട്ടു നടന്നു. കുറച്ചുദൂരം ചെന്നിട്ടു തിരിഞ്ഞു നോക്കി. അവൾ എന്നെത്തന്നെ നോക്കിനിൽക്കുന്നു. എനിക്കു കരച്ചിൽ വന്നു.

പിറ്റേന്നു സ്കൂളിൽ പ്പോകാൻ എനിക്ക് ഒരു ഉത്സാഹവും തോന്നിയില്ല. മാധവിയുടെ കുടിലിനു മുന്നിലൂടെ ഞാൻ തലകുനിച്ചു നടന്നുപോയി.

പിന്നെ, ഒരു വൈകുന്നേരം മാധവിയുടെകൂടെ അവളുടെ ഭർത്താവിനെ ഞാൻ കണ്ടു. മുടിയിൽ നരകയറിത്തുടങ്ങിയ, കൊമ്പൻമീശ വച്ച ഒരു തടിയൻ. ഒരു കരച്ചിൽ എന്റെ തൊണ്ടയിൽ വന്നു തടഞ്ഞു. അവൾ എന്നെ നോക്കിച്ചിരിച്ചു. ആ ചിരിയിൽ കണ്ണുനീരിന്റെ ഒരു മുഴുവൻ കടലുമുണ്ടായിരുന്നുവെന്ന് എനിക്കു തോന്നി.

പിന്നെ മാധവിയെ അവിടെ കാണാറേയില്ലായിരുന്നു. അവൾ ഭർത്താവിന്റെകൂടെ തമിഴ്നാട്ടിലേക്കു പോയിക്കാണുമെന്നു ഞാൻ കരുതി. മാസങ്ങൾ കടന്നുപോയി. ഞാൻ പത്താം ക്ലാസ്സിലായി. ഒരുപാട് പഠിക്കാനുണ്ട്. മാധവി വല്ലപ്പോഴും മനസ്സിലേക്കു കടന്നുവരുന്ന ഒരു ഓർമ മാത്രമായി.

നേർത്ത മഴ പെയ്യുന്ന ഒരു വൈകുന്നേരം. ഞാൻ ബസ്സിറങ്ങി അമ്മയുടെകൂടെ വീട്ടിലേക്കു നടന്നു. മാധവിയുടെ അമ്മയും വേറെ കുറച്ചു പെണ്ണുങ്ങളും കടത്തിണ്ണയിലിരുന്ന് കലപില വർത്തമാനം പറയുന്നുണ്ട്. പെട്ടെന്ന് എന്റെ മുന്നിൽക്കൂടി ഒരു കുഞ്ഞിനെ ഒക്കത്തുവച്ച് ഒരു പെണ്ണ് കടത്തിണ്ണയിലേക്ക് ഓടിക്കയറി. അവളുടെ തലയിൽ ഒരു ചാക്കു നിറയെ ആക്രിസാധനങ്ങളുണ്ടായിരുന്നു. മഴ നനഞ്ഞതിന്റെ അസ്വസ്ഥതയിൽ കുഞ്ഞ് കരയുന്നുണ്ട്. അവൾ പെട്ടെന്ന് എന്റെ നേരേ തിരിഞ്ഞു. ഞാൻ സ്തംഭിച്ചുപോയി. അതു മാധവിയായിരുന്നു. തലയിലിരുന്ന കെട്ട് താഴെ വയ്ക്കാൻ മറന്ന് അവൾ എന്നെ തുറിച്ചു നോക്കിനിന്നു. ഞാൻ പെട്ടെന്നു നിന്നുപോയതുകണ്ട് അമ്മ എന്റെ മുഖത്തേക്കു നോക്കി: 'എന്താ മോളേ?' ഞാൻ അവളുടെ നേരേ വിരൽ ചൂണ്ടി. പേടിച്ചുപോയതുപോലെ അമ്മ എന്നെ കുടക്കീഴിലേക്കു ചേർത്തുപിടിച്ചു. എന്റെ കണ്ണിൽ പെയ്യാൻ മറന്ന ഒരു കണ്ണുനീർത്തുള്ളി തുളുമ്പിനിന്നു. ■



# അവൾക്കിപ്പോൾ എത്ര വയസ്സായി?

അനഘ എസ്. കല്യാണി
MA Development Studies
MG University



സ്ത്രീകളുടെ വിവാഹപ്രായം 18 ൽ നിന്ന് 21 വയസായി ഉയർത്താനുള്ള ബില്ലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു. പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്തുമെന്ന് 2020 ലെ സ്വാതന്ത്ര്യദിനപ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി ഒരു വർഷത്തിനുശേഷമാണ് ഈ നിർണായനീക്കം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിരിക്കുന്നത്. നിലവിൽ സ്ത്രീകളുടെ വിവാഹപ്രായം പതിനെട്ടും പുരുഷന്മാരുടേത് 21 ഉം ആണ്. പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്താനുള്ള ബില്ലിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയ സാഹചര്യത്തിൽ, പുതിയ ബില്ലിൽ കേന്ദ്ര സർക്കാർ നിലവിലെ ശൈശവവിവാഹനിയമത്തിലും സ്പെഷ്യൽ മാര്യേജ് ആക്ടിലും ഹിന്ദു മാര്യേജ് ആക്ടിലും (1955) മാറ്റങ്ങൾ കൊണ്ടുവരുമെന്നാണ് സൂചന. രാജ്യത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം, പോഷകാഹാരം മെച്ചപ്പെടുത്തൽ തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങൾ പഠിക്കാൻ രൂപവത്കരിച്ച കേന്ദ്ര ടാസ്ക് ഫോഴ്സ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിസഭാതീരുമാനമുണ്ടായത്.

18 വയസ്സിനു താഴെയുള്ള സ്ത്രീയും 21 വയസ്സിനു താഴെ പ്രായമുള്ള പുരുഷനും ചേർന്നു നടത്തുന്ന വിവാഹരീതിയാണു ഇന്ത്യൻ നിയമപ്രകാരം ശിശുവിവാഹം എന്നു പറയുന്നത്. ഇതു കുറ്റകരമാണെങ്കിൽപോലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ഇപ്പോഴും ശിശുവിവാഹനിരക്കു കൂടുതലാണ്. ഭൂരിഭാഗം ശൈശവവിവാഹങ്ങളിലും പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളാണ് ഉൾപ്പെടുന്നത്. പരാതിക്കാരില്ലാത്തതിനാലും നിയമത്തെക്കുറിച്ചുള്ള അറിവില്ലായ്മകൊണ്ടും പലതും പുറംലോകം അറിയാറില്ല. കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യയിൽ ദരിദ്രരുടെ എണ്ണം കൂടിയതും സാമ്പത്തികബുദ്ധിമുട്ടിലേക്കു കൂടുതൽ മനുഷ്യർ എത്തിയതും ശൈശവവിവാഹനിരക്കു കൂടുവാൻ കാരണമായിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന ശൈശവവിവാഹനിരക്കുള്ള സംസ്ഥാനങ്ങളാണ് ജാർഖണ്ഡ്, ഉത്തർപ്രദേശ്, ബീഹാർ, മഹാരാഷ്ട്ര തുടങ്ങിയവ. യൂനിസെഫിന്റെ കണക്കനുസരിച്ചു ലോകത്തിലെ ബാലവധുക്കളിൽ മൂന്നിലൊന്ന് ഇന്ത്യയിലാണ് .

സാക്ഷരതയിലും വികസനത്തിലും അഭിമാനിക്കുന്ന കേരളത്തിൽ പോലും പെൺകുട്ടികളെ പതിനഞ്ചോ പതിനാറോ വയസ്സിൽ വിവാഹം കഴിപ്പിച്ച എത്രയോ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്! പല പെൺകുട്ടികളും പതിനെട്ടു വയസ്സിൽ കല്യാണവും ഒരു വർഷത്തിനുള്ളിൽ പ്രസവവുമായി ജീവിതം ജീവിച്ചു തീർക്കേണ്ടിവരുന്നവരാണ്. വിവാഹത്തിനുശേഷവും പഠിച്ചൂടേ എന്നൊരു ചോദ്യത്തിൽ പെൺകുട്ടികളുടെ സ്വപ്നങ്ങളെയും ജീവിതത്തെയും കുരുക്കിയിടുന്ന നാടുതന്നെയാണ് ഇന്നുമുള്ളത്.

ഇന്ത്യയിലെ ജനങ്ങളുടെ ഇന്നത്തെ ജീവിതരീതി വെച്ച് നോക്കിയാൽ നിയമപരമായിത്തന്നെ വിവാഹപ്രായം ഉയർത്തിയില്ലെങ്കിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസമോ അവരുടെ ജീവിതമോ നോക്കാതെ വിവാഹം കഴിച്ച് ശല്യം ഒഴിവാക്കുന്നതിലേക്കുതന്നെ മാതാപിതാക്കൾ എത്തും. യുനിസെഫിന്റെ റിപ്പോർട്ടുപ്രകാരം രാജ്യത്തെ ശൈശവ വിവാഹം പകുതിയായി കുറഞ്ഞെന്നും കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ലോകത്താകമാനം 25 ദശലക്ഷം ശൈശവ വിവാഹം തടയാനായെന്നുമാണ്. ഏറ്റവും കൂടുതൽ മാറ്റം കണ്ടെത്തിയത് ദക്ഷിണേഷ്യയിലാണെന്നും അതിൽ ഏറ്റവും മുന്നിൽ ഇന്ത്യയാണെന്നും റിപ്പോർട്ടിൽ പറയുന്നു. പെൺകുട്ടികളിലെ അഞ്ചിലൊന്നു പേരുടെ വിവാഹപ്രായം ഇപ്പോൾ പതിനെട്ടായി മാറിയെന്നും യൂനിസെഫ് സൂചിപ്പിക്കുന്നു.

പൗരൻ എന്തു ചെയ്യണമെന്ന് ഭരണകൂടം തീരുമാനിക്കുന്നത് ശരിയായ രീതിയല്ല. പലരും വാദിക്കുന്നതുപോലെ വിവാഹം വ്യക്തിപരമായ കാര്യമാണെന്നും അത് അവരവരുടെ ഇഷ്ടത്തിനു വിടണമെന്നതും യോജിക്കാൻ കഴിയുന്ന കാര്യമാണ്. ഇന്നും വിവാഹമെന്നത് മാതാപിതാക്കളുടെ ഉത്തരവാദിത്വമായിരിക്കുന്ന കാലത്ത് സ്റ്റേറ്റ് ഉത്തരവാദിത്വമെടുത്തേ മതിയാവൂ. നിയമത്തെ സ്റ്റേറ്റിന്റെ ഭീകരത എന്നു കരുതുന്നവരോട് ഒരു കാര്യംകൂടി പറഞ്ഞു വയ്ക്കണമെന്നുണ്ട്: കുട്ടികളുടെ വിദ്യഭ്യാസം നിർബന്ധിതമായ ഒരു രാജ്യത്ത് അത് കുട്ടികളുടെ മേലുള്ള ഭീകരതയെന്നു നമുക്ക് തോന്നാത്തിടത്തോളം കാലം കുട്ടികൾക്കു വേണ്ടിയുള്ള ഈ നിയമത്തെയും അംഗീകരിക്കേതാണ്. ■

## എന്റെ വര



**അർണവ് നടുവഴിശ്ശേരിൽ**
Std. X
K.V. Port Trust School
Cochin









# പ്രകൃതിസ്നേഹം പരമസ്നേഹം



**അജയ് കെ. ജോസ്**
BA English
St. Thomas College, Pala

പ്രകൃതി അമ്മയാണ്. അമ്മയെ സംരക്ഷിക്കേണ്ടത് മക്കളുടെ കടമയാണ്. പരിസ്ഥിതിക്കു ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോകനാശത്തിനു കാരണമാകും. പ്രകൃതി ദൈവത്തിന്റെ വരദാനമാണ്. മനുഷ്യരെ ദൈവവുമായി ബന്ധിപ്പിക്കുന്ന പാലമാണ് പ്രകൃതി. പ്രകൃതിയെ നശിപ്പിക്കുമ്പോൾ, പ്രകൃതിയിൽനിന്നകലുമ്പോൾ, നാം ദൈവത്തിൽ നിന്നകലുകയാണ്.

ലോകം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു. സമസ്തമേഖലകളിലും മാറ്റങ്ങൾ ദർശിക്കാൻ കഴിയും. മാനവരാശി വികസനത്തിന്റെ പാതയിലൂടെ കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുകയാണ്. മനുഷ്യൻ സ്വീകരിച്ചുവരുന്ന അനഭിലഷണീയവും അശാസ്ത്രീയവുമായ വികസനപ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിയുടെയും ഭൂമിയുടെതന്നെയും നിലനില്പ് അപകടത്തിലായേക്കാം. പ്രകൃതിക്ക് ഒരു താളമുണ്ട്. മനുഷ്യരുടെ അപക്വമായ ഇടപെടൽ ആ താളം തെറ്റിക്കുന്നു. തത്ഫലമായി പ്രകൃതി മനുഷ്യനെതിരേ പ്രതികരിക്കാൻ തുടങ്ങുന്നു. ഭൂചലനങ്ങളുടെയും വെള്ളപ്പൊക്കങ്ങളുടെയുമെല്ലാം രൂപങ്ങളിലാകാമത്. ഭൂമിയിലെ ചൂടിന്റെ വർദ്ധന, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, മരുഭൂമികളുടെ വർദ്ധന, ശുദ്ധജലക്ഷാമം, ജൈവവൈവിധ്യശോഷണം തുടങ്ങി ഒട്ടേറെ പരിസ്ഥിതിപ്രശ്നങ്ങൾ നമ്മെ അലട്ടുന്നുണ്ട്. പ്രകൃതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് നാം ഇനിയെങ്കിലും പിന്തിരിയണമെന്നതാണ് നാം ഇതിൽനിന്നു മനസ്സിലാക്കേണ്ടത്.

നാം ഈ ഭൂമിയിലെ സന്ദർശകർ മാത്രമാണ്. നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജൈവസ്രോതസ്സുകളും പ്രകൃതിസൗന്ദര്യവുമെല്ലാം വരുംതലമുറകൾക്കും അവകാശപ്പെട്ടതാണ്. നമുക്ക് ഇവയെല്ലാം ആസ്വദിക്കാൻ ഭാഗ്യം സിദ്ധിച്ചത്, പൂർവികർ ഇവയെല്ലാം നമുക്കായി സൂക്ഷിച്ചുവച്ചതുകൊണ്ടാണ്. നമ്മുടെ പൂർവികർ നമ്മോടു കാണിച്ച സ്നേഹവും കരുതലും നമ്മുടെ വരുംതലമുറകളോടു നമ്മൾ പ്രകടിപ്പിക്കേണ്ടതാണ്. ഇല്ലെങ്കിൽ, പ്രകൃതിയുടെ കോപം നമ്മുടെമേൽ പതിക്കും. സമ്പൂർണനാശമാണ് അതിന്റെ ഫലം. അതുവഴി നാം നമ്മുടെ വരുംതലമുറകൾക്ക്, ഈ ഭൂമിയിൽ സമാധാനപൂർവം ജീവിക്കുവാനുള്ള മാർഗം തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രകൃതിയുടെ നിയമങ്ങൾ നാം പാലിക്കേണ്ടിയിരിക്കുന്നു. അവ ജീവന്റെ നിയമങ്ങളാണ്.

മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. അതിനാൽ, മനുഷ്യർക്ക് പ്രകൃതിയോടും പ്രകൃതിയിലെ ചരാചരങ്ങളോടും ചില ഉത്തരവാദിത്വങ്ങളുണ്ട്. അവ സ്രഷ്ടാവായ ദൈവം മാനവർക്കു നൽകിയ കടമകളാണ്. ആ കടമ നിർവഹിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. നമുക്ക് പരമസ്നേഹമാം പ്രകൃതിസ്നേഹത്തിൽ ഒരുമിക്കാം. ഒരു പുതിയ ലോകം പണിതുയർത്താം! ■

# ആശ്വാസതീരം

കഥ



**ഹരിപ്രിയ ആർ.**
Bank Coaching
Mar Thoma College
Thiruvalla

അവിടെച്ചെന്നപ്പോഴാണ് മകനും മരുമകളും തന്നോട് കുറച്ചുനാളായി അമിതസ്നേഹം കാണിച്ചതിന്റെ പൊരുൾ മനസ്സിലായത്. ഒന്നുംതന്നെ ചെയ്യാൻ കഴിയില്ല. വീട് മകന്റെ പേരിലാണ്. അവന് ഇഷ്ടമല്ലെങ്കിൽ അവിടുന്നു മാറിക്കൊടുക്കണം. സ്വാഭാവികം!

ഞാൻ പതുക്കെ കാറിൽനിന്നിറങ്ങി. ഒരു മണിക്കൂർനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം മരുമകളുടെ ചുണ്ടുകൾ ചലിച്ചു. മണിക്കൂറുകളോളം എന്നോടു നിർത്താതെ സംസാരിക്കുന്ന ആളാണ്.

ഞങ്ങൾ മൂന്നുപേരും ഓഫീസിനു മുന്നിലെത്തി.

''രജിസ്ട്രേഷൻ ഫീസ് കൊടുത്തല്ലോ അല്ലേ?'' കസേരയിലിരുന്ന മധ്യവയസ്കൻ ചോദിച്ചു.

''കൊടുത്തു.'' മകൻ മറുപടി പറഞ്ഞു. പിന്നീട് അയാളും മക്കളും തമ്മിൽ എന്തൊക്കെയോ സംഭാഷണങ്ങൾ... ഞാൻ ഒന്നും കേട്ടില്ല. ചെവി അടഞ്ഞതുപോലെ... ഇനി എന്തു കേൾക്കാനാണ്...?

തിരിച്ചുപോകാൻനേരം മകന്റെ മുഖത്ത് ചെറിയൊരു അസ്വസ്ഥത പ്രത്യക്ഷപ്പെട്ടു. എങ്കിലും എന്തൊക്കെയോ പറഞ്ഞ് തിരിഞ്ഞുനോക്കാതെ അവൻ പടിയിറങ്ങി.

ഒന്ന്, രണ്ട്, മൂന്ന്...

''മൂന്ന് എന്റെ ഭാഗ്യനമ്പറാ,'' അവിടത്തെ സഹായിയോടു ഞാൻ പറഞ്ഞു.

അതെന്താ അവർ പോയപ്പോ മാത്രം ഞാൻ പടികളുടെ എണ്ണം ശ്രദ്ധിച്ചത്?

അവിടെ കട്ടിലുകൾക്കും നമ്പറാണ്. ഇനിമുതൽ ഞാനുമാ നമ്പറിലായിരിക്കും അറിയപ്പെടുക. ''നൂറ്റിപ്പതിനൊന്ന്'' ഒന്നുമൊന്നും രണ്ട്. രണ്ടുമൊന്നും മൂന്ന്. ഇവിടെയും എന്റെ ഭാഗ്യനമ്പർ!

ബാഗ് ടേബിളിനോടുചേർന്നുള്ള ഡ്രോയറിൽ സൂക്ഷിച്ചു. പോകുന്നതിനുമുമ്പ് മകൻ സമ്മാനിച്ച മൊബൈൽ ഫോൺ ടേബിളിന്റെ പുറത്തുവച്ചു. കട്ടിലിൽ തലയിണ നേരേവച്ച് അതിൽ ചാരി കുറച്ചുനേരമിരുന്നു. ചെറുതായൊന്നു മയങ്ങിയപ്പോൾ അനുമോൻ അമ്മച്ചിയെന്നു വിളിച്ചുകൊണ്ട് ഓടിവന്നു. പെട്ടെന്ന് ആ സ്വപ്നം മുറിച്ചുകൊണ്ട് മൊബൈൽ ഫോണിൽ വേറൊരു ശബ്ദം. ഇതിന്റെ പേരിൽ മീനുവിനെ എപ്പോഴും ഞാൻ വഴക്കുപറയുമായിരുന്നു. ഇങ്ങനെ മെസ്സേജ് അയച്ചു സമയം കളഞ്ഞാൽ മറ്റുകാര്യങ്ങൾ എപ്പോ ചെയ്യും? എന്റെ ചോദ്യം കേട്ട് അവൾ മടുത്തിട്ടുണ്ടാവും. അതേ ശബ്ദം... എന്തായാലും മോൻ പോയി. ഇനി വരുമെന്ന് ഉറപ്പുമില്ല. അതുകൊണ്ട് വന്ന മെസ്സേജെങ്കിലും വായിക്കാൻ തീരുമാനിച്ചു.

''ഡിയർ കസ്റ്റമർ അൺലിമിറ്റഡ് ഓഫർ ഫോർ കോൾസ് ആന്റ് യുവർ ജി.പി.ആർ.എസ്. പായ്ക്ക് ഹാസ് ബീൻ ആക്റ്റിവേറ്റഡ്.''

വീണ്ടും ശബ്ദം. മകന്റെ മെസ്സേജാണ്. ''അമ്മച്ചി എന്ത് ആവശ്യമുണ്ടെങ്കിലും വിളിക്കണം. അൺലിമിറ്റഡ് ഓഫറാണ്. എത്രനേരം വേണമെങ്കിലും സംസാരിക്കാം. നെറ്റ് ഓഫറും ഉണ്ട്. യൂറ്റ്യൂബിൽ കേറിയാൽ അച്ചന്മാരുടെ പ്രസംഗമൊക്കെ കേൾക്കാം. എല്ലാം മീനു പഠിപ്പിച്ചിട്ടുണ്ടല്ലോ. അമ്മച്ചിക്ക് എളുപ്പം സമയം പൊയ്ക്കോളും. ബോറടിക്കില്ല.''

''മ്മ്'' ഞാൻ ഒന്നു മൂളി.

അന്നുരാത്രി മോൻ വിളിച്ചു കുറെനേരം സംസാരിച്ചു. ''അമ്മച്ചി വിഷമിക്കേണ്ട. ആ ഫോണിൽ വാട്സ്ആപ്പും ഫേയ്സ്ബുക്കും ഒക്കെയുണ്ട്. വാട്സ്ആപ്പിൽ വന്നാൽ നമുക്ക് വീഡിയോചാറ്റ് ചെയ്യാം. എല്ലാവരെയും കാണാം. ഫേയ്സ്ബുക്കിൽ അമ്മച്ചിക്ക് ഒരു അക്കൗണ്ടും തുടങ്ങിയിട്ടുണ്ട്. ഞങ്ങടെ ഫോട്ടോസ് ഒക്കെ പോസ്റ്റ് ചെയ്യാം. അമ്മച്ചിക്ക് ഞങ്ങൾ അടുത്തില്ലെന്നു തോന്നുകേയില്ല, ഡോണ്ട് വറി.'' ''ശരി മോനേ...'' ഞാൻ കോൾ കട്ട് ചെയ്തു.

അടുത്തദിവസം അനുമോനും ഭാര്യയും മീനുവും പ്രത്യക്ഷപ്പെട്ടത് വാട്സ്ആപ്പിലാണ്. അവർ ടൂറിലാണ്. കഴിഞ്ഞദിവസത്തെ സുഖാന്വേഷണത്തിനിടെ ടൂറിന്റെ കാര്യം സൂചിപ്പിച്ചതായി ഓർക്കുന്നു. അവർ വളരെ സന്തോഷത്തിലാണെന്ന് സംസാരത്തിൽനിന്നു മനസ്സിലായി. ''ഓക്കെ അമ്മേ, ഗുഡ് നൈറ്റ്.''

''ശരി മോനേ.''

മകൻ വിളിച്ചിട്ട് മൂന്നാഴ്ചയാകുന്നു. എന്തായിരിക്കും അവൻ വിളിക്കാത്തത്? അവനു മടുത്തോ? മകനാണു പറഞ്ഞത്, ഫോണുണ്ടെങ്കിൽ ഞാൻ ഒറ്റയ്ക്കാണെന്നു തോന്നില്ലെന്ന്. ഇപ്പോഴെന്തായി?

വാട്സ്ആപ്പും ഫെയ്സ്ബുക്കും വളരെ നന്നായി ഞാനിപ്പോൾ കൈകാര്യം ചെയ്യും. ഒരു ദിവസം മകൻ വീണ്ടും വീഡിയോ ചാറ്റിൽ പ്രത്യക്ഷപ്പെട്ടു. അവന്റെ മുഖം വിളറിയിരുന്നു. ''എന്തുപറ്റി മോനേ?''

''അമ്മച്ചീ, മീനു വളരെ വാശിക്കാരിയായിരിക്കുന്നു. കഴിഞ്ഞദിവസം അവൾ എന്നോടു പറഞ്ഞതോർക്കുമ്പോൾ എനിക്കു സഹിക്കാൻ പറ്റുന്നില്ല അമ്മച്ചീ.''

''എന്തുണ്ടായി?''

''അവൾ എന്നോടു പറഞ്ഞു, അമ്മച്ചിക്കു കൂട്ടിന് എന്നെയും വൃദ്ധസദനത്തിൽ കൊണ്ടാക്കുമെന്ന്...'' എനിക്കു മറുപടി പറയാൻ തോന്നിയില്ല. വിഷമവും തോന്നിയില്ല. ''സാരമില്ല. എന്റെ അബദ്ധം നിനക്കു വരാതെ നോക്കുക.''

''ഫീലിംഗ് പുച്ഛം''– അതായിരുന്നു വാട്സ്ആപ്പിൽ അന്നത്തെ എന്റെ സ്റ്റാറ്റസ്. മകനോടു സ്നേഹമില്ലാത്തതുകൊണ്ടല്ല. എന്തായാലും അവൻ എന്നെ ഇവിടെ കൊണ്ടുവന്നപ്പോ എനിക്കുണ്ടായ മരവിച്ച അവസ്ഥ ഇതുകാണുമ്പോൾ അവനുണ്ടാകില്ല.

